പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2788 10.12.2014 -ലെ മറുപടിക്ക്

കെ.എം. ഗോപാലന് ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ അത്തോളി ഗ്രാമപഞ്ചായത്ത് സ്വദേശി കെ.എം.ഗോപാലൻ എന്നയാൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി (അംഗത്വ നമ്പർ KZ032152) യിൽ നിന്ന് ചികിത്സാ ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷ (ഫയൽ നമ്പർ A7/270/14) പരിഗണിച്ച് സഹായം അനുവദിക്കാമോ ; | (എ) ജോലിക്കിടയിൽ ഉണ്ടായ അപകടത്തെ തുടർന്ന് സ്ഥിരവും സ്ഥായിയുമായ അവശതയുള്ള ധനസഹായത്തിനായി 16/06/14 ന് ശ്രീ.കെ.എം.ഗോപാലൻ സമർപ്പിച്ച അപേക്ഷയിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൽ 70% അവശതയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിലവിലെ നിയമമനുസരിച്ച് ജോലിയ്ക്കിടെയുണ്ടാകുന്ന അപകടം മൂലം സ്ഥിരവും സ്ഥായിയുമായ അവശതയുള്ള ധനസഹായം അനുവദിക്കുന്നതിന് മെഡിക്കൽ ബോർഡ് നല്കുന്ന 100% അവശത സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ടിയാന് പ്രസ്തുത ധനസഹായത്തിന് അർഹതയില്ല. |
| (ബി) പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ച് മാറ്റേണ്ടി വന്ന ഇദ്ദേഹത്തിന് ചികിത്സാ ധനസഹായത്തിന് അർഹത നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ച് മാറ്റേണ്ടി വന്ന ശ്രീ.കെ.എം.ഗോപാലന് കോഴിക്കോട് മെഡിക്കൽ കോളേജിൽ കിടന്ന് ചികിത്സ നടത്തിയ കാലയളവിലേക്ക് അർഹമായ സാധാരണ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |
| (സി) രോഗാവസ്ഥയിലും തുടർന്നും ക്ഷേമനിധി വരിസംഖ്യ മുടങ്ങാതെ അടച്ച ഇദ്ദേഹത്തിന് പെൻഷൻ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കാമോ ? | (സി) ശ്രീ.കെ.എം.ഗോപാലന് പ്രതിമാസം 600/- രൂപ നിരക്കിൽ 8/2014 മുതൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ